**File No.DPI/5645/2019-H3**

"ഭരണഭാഷ – മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 19/06/2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-2018 ലെ മലയാള ഭാഷാ പഠനചട്ടങ്ങൾ-2019-20 ലെ സ്കൂൾ പരിശോധന-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിൽ നിന്നുള്ള 30/07/2018, 14/11/2018 തീയതികളിലെ കത്ത് നമ്പർ എച്ച്3/52140/16/ഡി.പി.ഐ.

2018-ലെ മലയാള ഭാഷാ പഠന ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കഴിഞ്ഞ അക്കാദമിക വർഷം സൂചന കത്തുകൾ പ്രകാരം വിശദമായ അറിയിപ്പുകൾ നൽകിയിരുന്നു. ഈ കത്തുകളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് 2019-20 അക്കാദമിക വർഷവും ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകളിൽ പരിശോധന നടത്തി മൂന്നു മാസത്തിനുള്ളിൽ (31-08-2019 നകം) വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം. പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്കൂളുകളിൽ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ ഫാറം 2 ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടുകൾ hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കുക.

പരിശോധന നടത്തുമ്പോൾ സ്റ്റേറ്റ് സിലബസ്സ് പിൻതുടരുന്ന നമ്മുടെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ (ഒന്നാം ഭാഷയുടെ പാർട്ട് I ലും പാർട്ട് II ലും മലയാളം പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ) പരിശോധന നടത്തി സമയം കളയാതെ ജില്ലയിലെ എല്ലാ സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ, സൈനിക് സ്കൂൾ, കേന്ദ്രീയ വിദ്യാലയം. നവോദയ വിദ്യാലയം എന്നിവിടങ്ങളിൽ നിർബന്ധമായും പരിശോധനകൾ നടത്തേണ്ടതാണ്. ഇത്തരം വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നതിന് SCERT തയ്യാറാക്കിയ പാഠപുസ്തകം യഥാസമയം ലഭ്യമാക്കാൻ അതാത് വിദ്യാഭ്യാസ ഓഫീസർമാർ നടപടികൾ സ്വീകരക്കേണ്ടതാണ്. ഈ വർഷം ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ ടെക്സ്റ്റ് ബുക്ക് ഓഫീസറെ അറിയിക്കേണ്ടതും അത് കൈപ്പറ്റി വിതരണം ചെയ്യേണ്ടതുമാണ്.

2018-ലെ മലയാള ഭാഷാ പഠന ചട്ടങ്ങളുടെ അന്ത :സത്ത ഉൾക്കൊണ്ടുകൊണ്ടുതന്നെ ഈ വർഷത്തെ സ്കൂൾ പരിശോധന നിർദിഷ്ട സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഒരിക്കൽ കൂടി ഓർമപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

Signature valid
Digitally signed by JESSY JOSEPH
Date: 2019.06.19 07:08:32 PDT
Reason: Approved

**JESSY JOSEPH**
**ADDITIONAL DIRECTOR(GEN)**
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി